**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1787** **09-12-2022 - ൽ മറുപടിയ്ക്ക്**

**നെൽകൃഷി വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വിപുലീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകുന്നതെന്നും വിശദമാക്കുമോ; | (എ) | നെൽവയൽ ഉടമസ്ഥർക്കുള്ള റോയൽറ്റി തുക പ്രതിവർഷം ഹെക്ടറിന് 2000/- രൂപയായിരുന്നത് 2022-23വർഷം മുതൽ ഹെക്ടറിന് 3000/-രൂപയായി വർദ്ധിപ്പിച്ചു.<br><br>ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യവും (പരമാവധി 25000 രൂപ) കർഷകർക്ക് ലഭിക്കും. പൊക്കാളി, കരി , കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32,000/- രൂപയാണ്. 2021-22വർഷത്തിൽ ഹെക്ടറിന് 22,000/- രൂപയായിരുന്നു പരമാവധി ആനുകൂല്യം. നെൽ കർഷകർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) | ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം **അനുബന്ധം 2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

## നെൽ കർഷകർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം

സംസ്ഥാനാവിഷ്‌കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5,500/- രൂപ നിരക്കിൽ 2021-22 വർഷത്തിൽ 166997.04255 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുകയും ഇതിനായി 9184.83603 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ഇതിനായി 2022-23 വർഷത്തിൽ 92727 ഹെക്ടറിലേക്ക് 5100 ലക്ഷം രൂപ നീക്കി വെച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കി വരികയാണ്.

പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചിലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 83333.33 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാകുന്നതിനായി 2021-22 വർഷത്തിൽ 300 ലക്ഷം രൂപ വകയിരുത്തിയത് പൂർണമായി നടപ്പിലാക്കുകയും നീക്കി വെച്ച തുക മുഴുവൻ ചെലവഴിക്കുകയും ചെയ്തു. ഇതിനായി 2022-23 വർഷത്തിലും 300 ലക്ഷം രൂപ നീക്കി വെച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കി വരികയാണ്.

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള 10 നെൽകൃഷി വികസന ഏജൻസികൾക്കായി ഹോണറേറിയം, സിറ്റിംഗ് ഫീസ്, പ്രോജക്ടധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 2021-22 വർഷത്തിൽ 25.12027 ലക്ഷം രൂപ ചിലവഴിച്ചു. കൂടാതെ, കരാർ ജീവനക്കാരുടെ വേതനം, ടെലഫോൺ ചാർജ്, ഇന്ധന ചിലവുകൾ മുതലായ ദൈനംദിന പ്രവർത്തനച്ചിലവുകൾക്കായി 22.68981 ലക്ഷം രൂപ ചിലവഴിക്കപ്പെട്ടു. നെൽകൃഷി വികസന ഏജൻസികൾക്ക് ഹോണറേറിയം, സിറ്റിംഗ് ഫീസ്, പ്രോജക്ടധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 2022-23 വർഷത്തിലും 30 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവ് കൈവരിക്കുന്നതിന്റെ ഭാഗമായി 2021-22 വർഷത്തിൽ ഹെക്ടറൊന്നിനു 13,600/- രൂപ നിരക്കിൽ ആനുകൂല്യം നൽകിക്കൊണ്ട് 404.04 ഹെക്ടറിൽ കരനെൽകൃഷി നടപ്പിലാക്കി, ആയതിന് 54.94955 ലക്ഷം രൂപ ആനുകൂല്യമായി വിതരണം ചെയ്തു. ഒരുപ്പൂ മാത്രം കൃഷിയിറക്കുന്ന വയലുകളിൽ ഇരുപ്പൂ കൃഷി നടപ്പിലാക്കുന്നതിന് ഹെക്ടറൊന്നിനു 10,000/- രൂപ നിരക്കിൽ ആനുകൂല്യം നൽകിക്കൊണ്ട് 496.7 ഹെക്ടറിൽ ഇരുപ്പൂ കൃഷി നടപ്പിലാക്കുകയും ആയതിന് 49.67 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) കൃഷി ഹെക്ടറൊന്നിനു 10,000/- രൂപ നിരക്കിൽ ആനുകൂല്യം നൽകിക്കൊണ്ട് 499.99995 ഹെക്ടറിൽ നടപ്പിലാക്കുകയും ആയതിന് 49.99995 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 2022-23 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ കരനെൽകൃഷി 875 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി 119 ലക്ഷം രൂപയും, ഒരുപ്പൂ ചെയ്യുന്ന 500 ഹെക്ടർ വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 50 ലക്ഷം രൂപയും, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി 650 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി 65 ലക്ഷം രൂപയുമാണ് നീക്കിവെച്ചിട്ടുള്ളത്.

കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ പ്രത്യേക ഓപ്പറേഷൻ കോൾ ഡബിൾ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുപൂ കൃഷിയിറക്കുന്ന കോൾ പടവുകളിൽ രണ്ടു പൂ നെൽകൃഷി, ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി 2021-22 വർഷത്തിൽ 124.18147 ലക്ഷം രൂപ ചെലവഴിച്ചു. ഇതിനായി 2022-23 വർഷത്തിൽ 275 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000/- രൂപ നിരക്കിൽ 2021-22 വർഷത്തിൽ 18519.86 ഹെക്ടറിലേക്ക് റോയൽറ്റിയായി 370.3972 ലക്ഷം രൂപ വിതരണം ചെയ്തു. 2022-23 വർഷത്തിൽ റോയൽറ്റി 3000/- രൂപ നിരക്കിൽ 30000 ഹെക്ടറിലേക്ക് 900 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

2021-22 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി 1127.63 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി. കെ.എസ്.എസ്.ഡി.എ യിൽ ഓൺലൈൻ സംവിധാനം വികസിപ്പിക്കുന്നതിനുള്ള തുക 122 ലക്ഷം അനുവദിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തിൽ 2500 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിന് 125 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

2021-22 വർഷത്തിൽ സംസ്ഥാനത്തെ പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കയ്പാട് എന്നീ പ്രദേശങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കരി മേഖലയിൽ 29.17677 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും പൊക്കാളി മേഖലയിൽ 16.80857 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും കയ്പാട് മേഖലയിൽ 38.17311 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും ചേർത്ത് ആകെ 84.15845 ലക്ഷം രൂപ ചെലവഴിച്ചു. പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളോടനുബന്ധിച്ച അടിയന്തിര പ്രവർത്തികൾ നടപ്പിലാക്കുന്നതിന് 4.48407 ലക്ഷം രൂപ പത്തനംതിട്ട ജില്ലയിൽ ചെലവഴിച്ചു.

തരിശുനില കൃഷിക്ക് ഹെക്ടർ ഒന്നിന് 35000 രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ പ്രകാരം ആനുകൂല്യം നൽകുന്നു. 2021-2022 സാമ്പത്തിക വർഷത്തിൽ 'സുഭിക്ഷകേരളം' പദ്ധതി പ്രകാരം ആകെ 4,431 ഹെക്ടർ സ്ഥലത്ത് തരിശ് നെൽകൃഷി നടപ്പിലാക്കി. 2022-23 വർഷത്തിൽ "നെൽകൃഷി വികസന പദ്ധതി" യിൽ ഉൾപ്പെടുത്തി 1415 ഹെക്ടർ തരിശ് നെൽകൃഷി നടപ്പിലാക്കുന്നതിനായി 566 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5400 രൂപയും നൽകുന്നു. 2021-22 ൽ 54732.839 ഹെക്ടറിൽ കുമ്മായം വിതരണം ചെയ്യുന്നതിന് ആകെ 2963.874 ലക്ഷം രൂപ വിനിയോഗിച്ചിരുന്നു. 2022-23 വർഷത്തിൽ 39259 ഹെക്ടർ നെൽകൃഷിക്കുള്ള കുമ്മായത്തിന് 2130 ലക്ഷം രൂപ നീക്കി വെച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കി വരികയാണ്.

ജൈവ വൈവിധ്യ സംരക്ഷണവും കാർഷിക വൈവിധ്യവൽക്കരണവും , നാടൻ വിത്തിനങ്ങളുടെ ജൈവ വൈവിധ്യവൽക്കരണവും പ്രോത്സാഹനവും പദ്ധതിയിൽ 14 ജില്ലകളിലായി നെല്ല്, ചെറുധാന്യങ്ങൾ എന്നിവ 250 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിലേക്കായി 2021-22 വർഷത്തിൽ 25.00 ലക്ഷം രൂപ ചെലവഴിച്ചു.

നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000 രൂപ നൽകുന്നു. 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 727.96396 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 24.19808 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.275 ലക്ഷം രൂപയും വിതരണം ചെയ്തു. 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തി ജില്ലകൾക്ക് തുക അനുവദിച്ചു വരുന്നു. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ചു വരുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ "രാഷ്ട്രീയ കൃഷി വികാസ് യോജന" - യിലെ Productivity Improvement of Paddy in Kerala എന്ന ഘടകത്തിൽ 2021-22 വർഷത്തിൽ ആലപ്പുഴ ജില്ലയിൽ 29,000 ഹെക്ടറിൽ ഉത്പാദനോപാധികൾക്കായി ഹെക്ടറൊന്നിനു 4500/- രൂപ പ്രകാരം ധനസഹായം നൽകുകയും, നെല്ലിന്റെ മൂല്യ വർദ്ധനവിനായി 10 മിനി റൈസ് മിൽ, 3 സംസ്കരണ യൂണിറ്റ് എന്നിവ സ്ഥാപിക്കുകയും ചെയ്തു. ആകെ 623.86805 രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കി.

ദേശിയ ഭക്ഷ്യ സുരക്ഷ പദ്ധതി (നെല്ല്) പാലക്കാട് ജില്ലയിൽ നടപ്പിലാക്കി. പ്രദർശന പ്ലോട്ടുകൾ, സെർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീട രോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി 2021-22 വർഷത്തിൽ 86.33 ലക്ഷം രൂപ അനുവദിച്ചത് പൂർണമായി ചെലവഴിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ 22.09 ലക്ഷം രൂപ അനുവദിച്ചതും പൂർണമായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 53.70 ലക്ഷം രൂപയുടെ ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതിന് അംഗീകാരം ലഭിച്ചു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ് .

ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽ കൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യവും (പരമാവധി 25000 രൂപ) കർഷകർക്ക് ലഭിക്കും. പൊക്കാളി കരി കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32,000 രൂപയാണ്. 2021-22 വർഷത്തിൽ ഹെക്ടറിന് 22,000 രൂപയായിരുന്നു പരമാവധി ആനുകൂല്യം.

## ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം

**1. നെല്ല് :** നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടി സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിങ്ങനെയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. ആയതു സംബന്ധിച്ച വിശദ വിവരം **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു.

ഇതിനു പുറമെ, പ്രകൃതിക്ഷോഭം മൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 13,500/- രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് 15,000/- രൂപയും 45 ദിവസത്തിനു ശേഷമുള്ള വിളയ്ക്ക് 35,000/- രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിക്കുകയും ചെയ്യുന്നു.

**2. മറ്റ് വിളകൾ :** ഭക്ഷ്യോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ലഭ്യമായ മുഴുവൻ സ്ഥലങ്ങളിലും എല്ലാവരേയും കൃഷി ചെയ്യുന്നതിന് പ്രേരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതിയാണ് ഞങ്ങളും കൃഷിയിലേയ്ക്ക്. ഇതിന്റെ ഭാഗമായി പച്ചക്കറി വികസന പദ്ധതിയിൽ വിത്തുകൾ, തൈകൾ, മഴമറകൾ, പമ്പുസെറ്റുകൾ, സസ്യ സംരക്ഷണ ഉപകരണങ്ങൾ തുടങ്ങിയവ സബ്സിഡി നിരക്കിൽ വ്യക്തികൾ, സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ലസ്റ്ററുകൾ, കൃഷിക്കൂട്ടങ്ങൾ എന്നിവ വഴി നല്കി നടപ്പു സാമ്പത്തിക വർഷം 1.08 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്ത് 16.30 ലക്ഷം മെട്രിക് ടൺ ഉല്പാദനം ലക്ഷ്യമിട്ടുകൊണ്ടാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. പഴവർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ കാർഷിക വികസന കർഷക്ഷേമ വകുപ്പ് ഡെവലപ്പ്മെന്റ് ഓഫ് ഫ്രൂട്ട്സ്, ഫ്ലവേസ് ആന്റ് മെഡിസിനൽ പ്ലാൻസ് 2022-23 എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ഒരു പ്രധാനഘടകമാണ് ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം .

ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം പദ്ധതി ഘടകത്തിലൂടെ സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്ത് നിന്ന് കൊണ്ടു വന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങൾ വീട്ടുവളപ്പിലും, പൊതുസ്ഥലങ്ങളിലും നട്ടുപിടിപ്പിച്ച് വിഷരഹിത ഫലവർഗ്ഗങ്ങൾ ഉല്പാദിപ്പിക്കുന്നതിന് പദ്ധതിയിലൂടെ സാധ്യമാകുന്നു. ഇതിലൂടെ പുതിയ വിദേശ ഇനങ്ങൾ നമ്മുടെ കർഷകർക്ക് പരിചയപ്പെടുത്തുവാൻ സാധിക്കുന്നു. പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ലെയർ/ ടിഷ്യൂകൾച്ചർ വാഴ, വാഴക്കന്ന്, തൈകൾ എന്നിവ സംസ്ഥാന കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ, കാർഷിക സർവ്വകലാശാല, കാർഷിക കർമ്മ സേന/അഗ്രോസർവ്വീസ് സെന്റർ, കുടുംബശ്രീ എന്നീ വകുപ്പ്/ഏജൻസികൾ മുഖേനയാണ് ഉല്പാദിപ്പിക്കുന്നത്. പദ്ധതിയിലൂടെ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുക്കൾച്ചർ തൈകൾ 75% സബ്സിഡിയോട് കൂടിയും, ഫലവൃക്ഷ തൈകളും, വാഴകന്നും പൂർണ്ണമായും സൗജന്യമായുമാണ് വിതരണം ചെയ്യുന്നത്.

ഫലവൃക്ഷ ഇനങ്ങളുടെ ഒരു കോടി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും, പൊതു സ്ഥലങ്ങളിൽ വച്ചു പിടിപ്പിക്കുന്നതിനും ഫ്രൂട്ട് ഗാർഡനുകൾ ഉണ്ടാക്കുന്നതിനും പദ്ധതിയിലൂടെ ഊന്നൽ നൽകുന്നു.

കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ എള്ള്, നിലക്കടല, കരിമ്പ്, ചെറുധാന്യങ്ങൾ തുടങ്ങിയവ പരമ്പരാഗതമായി കൃഷി ചെയ്തു വരുന്നു. പരമ്പരാഗത കൃഷി ഇടങ്ങളിലും മറ്റ് സ്ഥലങ്ങളിലും ഈ വിളകളുടെ വിസ്തൃതി വർദ്ധനവിനും പ്രോത്സാഹനത്തിനും ഡെവലപ്പ്മെന്റ് ആൻഡ് പ്രൊമോഷൻ ഓഫ് ലൊക്കേഷൻ സ്പെസിഫിക് ക്രോപ്പ് 2021-22 പദ്ധതി ഉപകരിച്ചു. 2021-22 വർഷം അനുവദിച്ച 323 ലക്ഷം രൂപയിൽ 246.01581 ലക്ഷം രൂപ ചെലവഴിച്ചു.

കവുങ്ങുകളിലെ മഞ്ഞളിപ്പ് രോഗം, കൂമ്പു ചീയൽ, മഹാളി തുടങ്ങിയ രോഗങ്ങൾ മൂലം ഉല്പാദനവും ഉത്പാദനക്ഷമത കുറഞ്ഞതുമായ കവുങ്ങിൻ തോട്ടങ്ങളിൽ സസ്യ സംരക്ഷണത്തിനായി സ്പ്രേയിങ്, പവർ സ്പ്രേയർ നൽകൽ, രോഗബാധിത കവുങ്ങുകൾ വെട്ടി മാറ്റുക എന്നിവയ്ക്കായി ധനസഹായം നൽകി. വെട്ടി മാറ്റിയവക്ക് പകരവും പുതുതായും ഉല്പാദനശേഷിയുള്ളത്/ആ മേഖലയ്ക്ക് യോജിച്ച തനത് ഇനങ്ങളുടെ തൈകൾ നടുകയും ചെയ്യുക, ഉല്പാദനോപാധികൾ, ഇടവിളകൃഷി, തുടങ്ങിയവ ചെയ്യുന്നതിന് ധനസഹായം നൽകുക എന്നിവ വഴി കവുങ്ങിന്റെ ഉത്പാദനം വർധിപ്പിക്കുകയും, അങ്ങനെ കർഷകന്റെ വരുമാനം വർധിപ്പിക്കുകയും ചെയ്യുക എന്നതാണ് കവുങ്ങു പാക്കേജ് 2021-22 പദ്ധതിയുടെ ഉദ്ദേശം. വളരെ കാലമായി അവഗണിക്കപ്പെട്ട കവുങ്ങ് കൃഷിക്ക് ഈ പദ്ധതി ഉണർവ് നല്കാൻ സഹായിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽ ഇടുക്കി, വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലായി 100 ലക്ഷം രൂപ അനുവദിക്കുകയും അതിൽ 99.75 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

കിഴങ്ങ് വർഗ്ഗ വിളകളുടെയും പയർ വർഗ്ഗ വിളകളുടെയും വിസ്തൃതി വർദ്ധനവിനും കൃഷി പ്രോത്സാഹനത്തിനും ഡെവലപ്പ്മെന്റ് ഓഫ് ട്യൂബർ ക്രോപ്പ് ആൻഡ് പൾസസ് 2021-22 എന്ന പദ്ധതി സഹായകമായി. 2021-22 വർഷം അനുവദിച്ച 243 ലക്ഷം രൂപയിൽ 242.77 ലക്ഷം രൂപ ചെലവഴിച്ചു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് ഓയിൽ പാം (എണ്ണപ്പന) പദ്ധതിയുടെ ഭാഗമായി എണ്ണപ്പനയുടെ വിള വ്യാപനത്തിനായി പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് എന്ന പൊതു മേഖലാ സ്ഥാപനം മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.